# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1431 | 04.02.2019-ൽ മറുപടിക്ക്

## വാടാനപ്പള്ളി ബീച്ചിൽ ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ബീച്ചിൽ ഫിഷറീസ് വകുപ്പിന്റെ കൈവശം നിലവിൽ എത്ര ഭൂമിയുണ്ട്; ഈ ഭൂമി ഇപ്പോൾ എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്; | (എ) | തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ബീച്ചിൽ വാടാനപ്പള്ളി വില്ലേജ് പരിധിയിൽ സർവ്വേ നമ്പർ 140/18 ൽ 1.63 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന്റെ കൈവശമുണ്ട്. ഈ ഭൂമി ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. |
| (ബി) | ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി, ഭവനരഹിതരായ മത്സ്യത്തൊഴിലാളി കൾക്ക്ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഉപയോഗി ക്കാൻ കഴിയുമോ എന്ന് അറിയിക്കാമോ; | (ബി) | മേൽപ്പറഞ്ഞ 140/18 സർവ്വേ നമ്പറിലെ ഭൂമി കടലിൽ നിന്നും 200 മീറ്റർ പരിധിയിലാണ് വരുന്നത്. ആയതിനാൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമല്ല. സമീപ പ്രദേശങ്ങൾ കടലാക്രമണ ഭീഷണിയിലാണ്. |
| (സി) | 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ വാടാനപ്പള്ളിയിൽ മത്സ്യത്തൊഴിലാളി കൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മേൽ ഉത്തരത്തിന്റെ (ബി) വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.